# പതിമൂന്നാം കേരളനിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2305 — 19/06/2013 ൽ മറുപടിക്ക്

### മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്നതിന് നടപടി

ചോദ്യം — ശ്രീ. പി. തിലോത്തമൻ

മറുപടി — ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | സർക്കാർ ആശുപത്രികളിലേക്കുള്ള മരുന്ന് വിതരണം മെഡിക്കൽ സർവ്വീസ് കോർപ്പറേഷനെ ഏർപ്പെടുത്തിയതിനുശേഷവും സർക്കാർ ആശുപത്രികളിൽ ആവശ്യത്തിനുള്ള മരുന്നുകൾ യഥാസമയം ലഭിക്കുന്നില്ല എന്ന ആക്ഷേപം ഉണ്ടായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ പോരായ്മകൾ അടിയന്തിരമായി പരിഹരിക്കുവാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) | ഇല്ല.<br>2012-13 സാമ്പത്തിക വർഷം വിതരണക്കാരെ ലഭിച്ച എല്ലാ മരുന്നുകളും ആവശ്യത്തിനു സംഭരിക്കുകയും, മരുന്നുകളുടെ അപര്യാപ്തതയുള്ള ജില്ലകളിൽ ആവശ്യത്തിന് മരുന്നുകൾ ലഭ്യമായ മറ്റു ജില്ലകളിൽ നിന്നും ഇന്റർ വെയർഹൗസ് ട്രാൻസ്ഫറിലൂടെ അടിയന്തിരമായി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ ആലപ്പുഴയിലുണ്ടായിരുന്ന വെയർ ഹൗസ് പത്തനംതിട്ടയിലേക്ക് മാറ്റിയതു മൂലം ആശുപത്രികളിൽ മരുന്നുകൾ എത്തുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഈ പരാതികൾ പരിഹരിക്കുവാൻ എന്ത് നടപടി കൈക്കൊണ്ടു എന്നു വ്യക്തമാക്കുമോ ; | (ബി) | മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ ആലപ്പുഴയിലുണ്ടായിരുന്ന വെയർഹൗസ് പത്തനംതിട്ടയിലേക്ക് മാറ്റിയിട്ടില്ല. പതിവായി വിതരണം ചെയ്തിരുന്നതുപോലെ കോർപ്പറേഷൻ മുഖേന മരുന്നുകൾ സംഭരിച്ച് ആശുപത്രികൾക്ക് വിതരണം ചെയ്തുവരുന്നു. എന്നാൽ ജനറിക് മരുന്നു പദ്ധതി പ്രകാരം അധികമായി മരുന്നുകൾ സംഭരിക്കേണ്ടതിനാൽ ആലപ്പുഴയിലുള്ള വെയർഹൗസിലെ സ്ഥലപരിമിതി മൂലം പത്തനംതിട്ടയിലും മരുന്നു സംഭരിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | ചേർത്തല താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി ഫാർമസിയിൽ ആന്റി ബയോട്ടിക് ഇൻജക്ഷനുകളും ഐവി ഫ്ലൂയിഡുകളും തീർന്നിരിക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ മരുന്നുകൾ തീർന്ന വിവരം ബന്ധപ്പെട്ടവരെ അറിയിച്ചിട്ടും മരുന്നുകൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ ; | (സി) | ചേർത്തല താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി ഫാർമസിയിൽ നിന്നും ആവശ്യപ്പെട്ടിരുന്ന ആന്റിബയോട്ടിക് ഇൻജക്ഷനുകളും ഐ.വി. ഫ്ലൂയിഡുകളും ആലപ്പുഴ ജില്ലാ വെയർഹൗസിൽ നിന്നും നൽകിക്കഴിഞ്ഞു. |
| (ഡി) | ചേർത്തല താലൂക്ക് ആശുപത്രിയിൽ മരുന്നുകളുടെ കുറവ് പരിഹരിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ? | (ഡി) | ചേർത്തല താലൂക്ക് ആശുപത്രയിൽ നിന്നും ആവശ്യപ്പെട്ട മരുന്നുകൾ നൽകിക്കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ